# കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം ഒന്നാമത്

## രമേശ് ചെന്നിത്തല

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വച്ച് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ വ്യക്തമാക്കുന്നതായി കെ.പി.സി.സി പ്രസിഡണ്ട് രമേശ് ചെന്നിത്തല പറഞ്ഞു.

ആഭ്യന്തരമന്ത്രിയുടെ മറിച്ചുള്ള അവകാശവാദങ്ങൾ വസ്തുതാവിരുദ്ധമാണ്. കേന്ദ്ര ഏജൻസിയുടെ കണക്കുകൾ ആധികാരികമാണ്. ഗുണ്ടകളുടെ സംരക്ഷകനായാണ് സംസ്ഥാന ആഭ്യന്തരമന്ത്രി പ്രവർത്തിക്കുന്നത്. സാധാരണജനത്തിന്റെ ജീവനും സ്വത്തിനും വിലയില്ലാതായിരിക്കുന്നു. ആരെയും ആർക്കും കൊല്ലാം എന്നതാണ് ഇന്നത്തെ അവസ്ഥ.

എന്നാൽ സിപിഎമ്മും ഇടതുപക്ഷവും അടച്ചാക്ഷേപിച്ചുകൊണ്ടിരുന്ന ഒരു മാധ്യമത്തിന്റെ അവാർഡ് ഉയർത്തിപ്പിടിച്ചാണ് ആഭ്യന്തരമന്ത്രിയും സിപിഎം ഔദ്യോഗിക വിഭാഗവും നടക്കുന്നത്. ഈ മാധ്യമ വിലയിരുത്തൽ യാതൊരടിസ്ഥാനവുമില്ലാത്തതാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് വ്യക്തമായറിയാം. ആ യാഥാർത്ഥ്യത്തെ ഉറപ്പിക്കുന്നതാണ് ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ.

കേരളത്തിൽ ഇടതുമുന്നണി എന്ന സംവിധാനം ഫലത്തിൽ ഇല്ലാതായിരിക്കുന്നു. ഘടകകക്ഷികളെല്ലാം സിപിഎമ്മിന്റെ ഏകാധിപത്യത്തിൽ ഇടഞ്ഞുനില്ക്കുന്നു. മുന്നണിയോഗത്തിൽ മിനിറ്റ്സോ അജണ്ടയോ ഇല്ലായിരുന്നു. സിപിഎം സെക്രട്ടറി പിണറായിയുടെ വാക്കുകൾ കൈയടിച്ച് അംഗീകരിക്കണം എന്നതാണു പൊതുധാരണ.



*കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി ജോസ് കെ.മാണി എം.പിക്ക് നല്കിയ സ്വീകരണ യോഗം കെ.പി.സി.സി പ്രസിഡണ്ട് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു. തലേക്കുന്നിൽ ബഷീർ, തെന്നല ബാലകൃഷ്ണപിള്ള, ജോസ് കെ.മാണി എം.പി, കൊട്ടാരക്കര പൊന്നച്ചൻ, വി.എസ്.ശിവകുമാർ തുടങ്ങിയവർ സമീപം.*

യോജിക്കാനോ ഒരുമിച്ച് പ്രവർത്തിക്കാനോ ഇടതുകക്ഷികളുടെ പ്രവർത്തകർക്കുപോലും കഴിയാത്തവിധമുള്ള മാനസിക അകലമാണ് ഇടതുമുന്നണിയിൽ ഉണ്ടായിരിക്കുന്നത്. ഇത് ജനാധിപത്യ ചേരിയുടെ ശക്തിപ്പെടലിന് വഴി തുറക്കും. ജനതാദളിന്റെ യുഡിഎഫ് പ്രവേശനം അതിന്റെ തുടക്കമാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജോസ് കെ.മാണി എംപിക്ക് നല്കിയ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളാ കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് അഡ്വ.കൊട്ടാരക്കര പൊന്നച്ചൻ അധ്യക്ഷത വഹിച്ചു. എംഎൽഎമാരായ തെന്നല ബാലകൃഷ് ണപിള്ള, തലേക്കുന്നിൽ ബഷീർ, ഡിസിസി പ്രസിഡണ്ട് വി.എസ്.ശിവകുമാർ, എൻ.ശക്തൻ, വർക്കല കഹാർ, എം.എ.വാഹിദ്, യുഡിഎഫ് ജില്ലാ ചെയർമാൻ കെ.മോഹൻകുമാർ, മുസ്ലീം ലീഗ് ജില്ലാ പ്രസിഡണ്ട് അബ്വാസേട്ട്, കേരളാ കോൺഗ്രസ് (ബി) സംസ്ഥാന സെക്രട്ടറി വേണുഗോപാലൻ നായർ, കേരളാ കോൺഗ്രസ് (ജേക്കബ്) ജില്ലാ പ്രസിഡണ്ട് കരുമം സുന്ദരേശൻ, മുസ്ലീംലീഗ് ജില്ലാ സെക്രട്ടറി ബീമാപള്ളി റഷീദ്, സി.എം.പി ജില്ലാ സെക്രട്ടറി എം.പി.സാജു, ജെ.എസ്.എസ് ജില്ലാ പ്രസിഡണ്ട് അഡ്വ. ഷൈൻ, ആർ.എസ്.പി. ജില്ലാ സെക്രട്ടറി പരുത്തിപ്പള്ളി സനൽ, ജെ.എസ്.എസ് ജില്ലാ വൈസ് പ്രസിഡണ്ട് ബാലരാമപുരം സുരേന്ദ്രൻ, അഡ്വ. സി.മുരളീധരൻനായർ, കേരളാ കോൺഗ്രസ് (എം) ജില്ലാ സെക്രട്ടറി താന്നിവിള ശശിധരൻ എന്നിവർ പ്രസംഗിച്ചു.

# പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജോസ് കെ.മാണിക്ക് കഴിയും

## തെന്നല ബാലകൃഷ്ണപിള്ള

കേരളത്തിന്റെ പൊതുവായ പ്രശ്നങ്ങൾ പാർലമെണ്ടിൽ അവതരിപ്പിച്ച് അവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ ജോസ് കെ.മാണി എം.പിക്ക് കഴിയുമെന്ന് കോൺഗ്രസ് നേതാവും മുൻ എം.പിയുമായ തെന്നല ബാലകൃഷ്ണപിള്ള പറഞ്ഞു.

കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി ജോസ് കെ.മാണിക്ക് നല്കിയ സ്വീകരണത്തോടനുബന്ധിച്ച സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഈ ചെറിയകാലം കൊണ്ട് എം.പി. എന്ന നിലയിൽ അഭിനന്ദനാർഹമായ പ്രവർത്തനമാണ് ജോസ് കെ.മാണിയിൽ നിന്നും ഉണ്ടായത്. പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി പഠിച്ച് രാഷ്ട്രീയപരമായ സങ്കുചിതതാത്പര്യങ്ങൾക്കതീതമായി പ്രവർത്തിക്കുവാൻ കഴിയുന്ന യുവ നേതാവാണദ്ദേഹം.

വിവാദങ്ങളിൽ നിന്നും ഒഴിഞ്ഞ് മണ്ഡലത്തിന്റെയും നാടിന്റെയും പുരോഗതിക്കായി പ്രവർത്തിക്കുന്ന പാരമ്പര്യം കൈമുതലായുള്ള ജോസ് കെ.മാണിയെ കാത്തിരിക്കുന്നത് സുദീർഘവും സുസ്ഥിരവുമായ ഒരു രാഷ്ട്രീയ ഭാവിയാണെന്നും തെന്നല ബാലകൃഷ്ണപിള്ള പറഞ്ഞു.



*ജോസ് കെ.മാണി എം.പിക്കു നല്കിയ സ്വീകരണയോഗത്തിൽ കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് അഡ്വ.കൊട്ടാരക്കര പൊന്നച്ചൻ അധ്യക്ഷ പ്രസംഗം നടത്തുന്നു.*

# ഇന്ത്യ ഭരിക്കുന്നത് ജനകീയ സർക്കാർ

## ജോസ് കെ.മാണി



*കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി നല്കിയ സ്വീകരണത്തിന് ജോസ് കെ.മാണി എം.പി. മറുപടി പറയുന്നു.*

രാജ്യത്ത് ഭരണം നടത്തുന്ന യുപിഎ സർക്കാർ ജനകീയമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചു വരുന്നതെന്ന് ജോസ് കെ.മാണി എം.പി. പറഞ്ഞു. ഡോ. മൻമോഹൻസിംഗിന്റെ നേതൃത്വത്തിലുള്ള സർക്കാരിന് രണ്ടാമതും ജനങ്ങൾ ഭരണാനുമതി നല്കിയത് സർക്കാർ പിൻതുടർന്നുവന്ന ജനോപകാര നടപടികൾ മൂലമാണ്.

ആഗോള സാമ്പത്തിക പ്രതിസന്ധിയിൽ വികസിതരാഷ്ട്രങ്ങൾ പോലും വീർപ്പുമുട്ടുമ്പോൾ നമ്മുടെ രാജ്യത്ത് അതിന്റെ പ്രതിഫലനം ഉണ്ടായില്ല. യുപിഎ സർക്കാരിന്റെ പ്രൊഫഷണലിസമാണ് ഇത് തെളിയിച്ചിരിക്കുന്നത്. കാർഷികകടം എഴുതിത്തള്ളൽ പദ്ധതി, ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ എത്രയോ ജനപ്രിയ പദ്ധതികൾ യു.പി.എ. സർക്കാർ നടപ്പാക്കി. അവ നമ്മുടെ ഗ്രാമീണ മേഖലയിലുൾപ്പെടെ വരുത്തിയിട്ടുള്ള സാമൂഹ്യ, സാമ്പത്തിക മാറ്റങ്ങൾ ശുഭകരമാണ്. എന്നാൽ ഇതൊന്നും കാണാതെ വിമർശനപരമായും മുൻവിധിയോടുകൂടിയും മാത്രമാണ് സംസ്ഥാനസർക്കാർ കേന്ദ്രത്തെ നോക്കികാണുന്നത്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് കേന്ദ്രത്തിനെതിരായ സിപിഎമ്മിന്റെ നേതൃത്വത്തിലുള്ള മനുഷ്യചങ്ങലകൾ.

ആസിയാൻ കരാർ പൂർണമായും നമ്മുടെ കാർഷിക മേഖലയിൽ ആശങ്ക സൃഷ്ടിക്കുന്നില്ല. മറിച്ച് അതിനെ നമ്മുടെ കാർഷിക മേഖലയ്ക്കും കർഷകർക്കും കൂടുതൽ പ്രയോജനപ്രദമാക്കി മാറ്റാനുള്ള ചില ഭേദഗതികളാണ് നിർദേശിച്ചിട്ടുള്ളത്. അത് കേന്ദ്ര സർക്കാരിനും ബോധ്യമായി. പക്ഷേ, ആസിയാൻ കരാർ രാജ്യത്തിനാകമാനം എതിരാണ് എന്ന നിലയിൽ സിപിഎം നടത്തുന്ന പ്രചാരണങ്ങൾ അവാസ്തവവും രാഷ്ട്രീയ മുതലെടുപ്പു മാണെന്നും ജോസ് കെ.മാണി കൂട്ടിച്ചേർത്തു.

കേരളാ കോൺഗ്രസ് (എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി നല്കിയ സ്വീകരണത്തിന് നന്ദിപറയുകയുകയായിരുന്നു അദ്ദേഹം.

CYAN MAGENTA YELLOW BLACK

ഫ്ളാഷ് ബാക്ക്

തേക്കിൻകാട് ജോസഫ്

# ഇന്നസെന്റുമൊത്ത് മൂന്നുമണിക്കൂർ

**വ**ളരെ അടുപ്പമുള്ളവർ 'ഇന്നച്ചൻ' എന്നു വിളിക്കുന്ന നടൻ ഇന്നസെന്റ് ജീവിതത്തിലായാലും വെള്ളിത്തിരയിലായാലും വായ് തുറന്നാൽ നാം ചിരിച്ചുപോകും. പക്ഷേ 2009 സെപ്റ്റംബർ 26ന് രാവിലെ 8.30ന് കോട്ടയം ആഷ തിയറ്ററിലെത്തിയ ഇന്നസെന്റ് പ്രേക്ഷകരെ കരയിച്ചു.

താൻ കഥാപാത്രമായി അഭിനയിച്ച 'പത്താംനിലയിലെ തീവണ്ടി' എന്ന സിനിമയുടെ പ്രിവ്യൂവിന് എത്തിയതായിരുന്നു ഇന്നസെന്റ്. സംവിധായകനായ ജോസ് തോമസ് നിർമിച്ച് ജോഷിമാത്യു സംവിധാനം ചെയ്ത 'പത്താംനിലയിലെ തീവണ്ടി' പ്രശസ്ത തിരക്കഥാകൃത്ത് ഡെന്നീസ് ജോസഫ് കലാ കൗമുദി വാരികയിൽ എഴുതിയ അതേ പേരിലുള്ള ചെറുകഥയുടെ തിരക്കഥാവിഷ്ക്കാരമാണ്. ശങ്കരൻ എന്ന റെയിൽവേ ഗാംഗ്മാൻ ചിത്തഭ്രമത്തിനടിപ്പെട്ട് മാനസ്സികാശുപത്രിയിലാകുന്ന കഥ. ഒരു വിഭ്രാത്മക ചിത്രത്തിനുതകുന്നതാണ് പത്താംനിലയിലെ തീവണ്ടി എന്ന വിചിത്രമായ ശീർഷകം തന്നെ.

ചിത്രം തുടങ്ങുന്നതിനുമുമ്പായി തിയേറ്ററിന്റെ ലോബിയിൽ ഞങ്ങൾ ഇന്നസെന്റിനെ കാത്തുനിന്നു. തിയേറ്റർ ഉടമയും ഫിലിം പ്രൊഡ്യൂസറുമായ രാജു മാത്യു, ജൂബിലി ജോയി, മനോരമ അസോസിയേറ്റ് എഡിറ്റർ ജോസ് പനച്ചിപ്പുറം, വനിത എഡിറ്റർ മണർകാട് മാത്യു, മനോരമ വാരിക പത്രാധിപർ കെ.എ.ഫ്രാൻസിസ്, കൃഷ്ണൻകുട്ടി എന്നിവരടങ്ങുന്ന ഞങ്ങളുടെ മധ്യത്തിലേക്ക് ഇന്നസെന്റ് കടന്നുവന്നു. ജോഷി മാത്യു പരിചയപ്പെടുത്താനൊരുങ്ങിയപ്പോൾ എല്ലാവർക്കും ഹസ്തദാനം ചെയ്ത് ചിരിച്ചുകൊണ്ട് പറഞ്ഞു; അറിയാം.

പിന്നീട് തിയേറ്ററിനുള്ളിൽ സീറ്റുകളിൽ അടുത്തിരുന്നപ്പോൾ ആദ്യത്തെ വെടി പൊട്ടിച്ചു.

"ഫ്രാൻസീസേ! മുമ്പേ കണ്ടപ്പോ ചിരിച്ചില്ലേ. അത് വെറുതെ ചിരിച്ചതാണ്. മനസ്സിലായിട്ടൊന്നുമല്ല കേട്ടോ. ഇപ്പോഴാണ് ഫ്രാൻസീസിന്റെ മുഖം മനസ്സിലായത്. ഈ ചിരി ഒർജിനലാ. മറ്റേച്ചിരി സിനിമാക്കാരുടെയാ. ആരെക്കണ്ടാലും ഒരു നമ്പരുചിരി".

അടുത്ത നമ്പർ രാജു മാത്യുവിനോടായിരുന്നു. "ഞങ്ങളുടെ നാട്ടില് ഒരു തിയറ്ററില് സിനിമ കാണിക്ക്ണ്. ഞാൻ തിയേറ്ററുകാരനോട് ചോദിച്ചു. എങ്ങനൊണ്ട് പടം, നല്ല കളക്ഷനാ? അപ്പോ അയാള് പറയാ. ഭയങ്കര നഷ്ടാ സാറേ. ആള് കുറവാ. ഈ പടം നിർത്താമ്പോവാ.

അപ്പോ അതു കേട്ട് കാന്റീൻകാരൻ പറഞ്ഞു. എനിക്ക് നല്ല കളക്ഷനാ സാറേ! ഉണ്ടാക്കണ പഴം പൊരീം പരിപ്പുവടേം, ഞുറുക്കും മുഴോൻ തീരും.

സിനിമ അങ്ങട് തൊടങ്ങീ അഞ്ച് മിനിറ്റ് കഴീമ്പോ തിയേറ്ററിലൊള്ള മുഴുവൻ ആൾക്കാരും കാന്റീനിലാ. ഒന്നും തികയത്തില്ല".

ഈ ഫലിതം ആസ്വദിക്കുന്നതിനിടയിൽ സിനിമ തുടങ്ങി. വെള്ളിത്തിരയിൽ നിന്ന് 'ഇന്നച്ചൻഫലിതങ്ങൾ' കേൾക്കാൻ കാത്തിരുന്നവർക്ക് ഇന്നസെന്റിന്റെ തികച്ചും വ്യത്യസ്തമായ ഒരു മുഖമാണ് കാണാൻ കഴിഞ്ഞത്.



*'പത്താം നിലയിലെ തീവണ്ടി' എന്ന ചിത്രത്തിൽ ഇന്നസെന്റ്*

**തിയേറ്ററിനുള്ളിൽ സീറ്റുകളിൽ അടുത്തിരുന്നപ്പോൾ ആദ്യത്തെ വെടി പൊട്ടിച്ചു. "ഫ്രാൻസീസേ! മുമ്പേ കണ്ടപ്പോ ചിരിച്ചില്ലേ. അത് വെറുതെ ചിരിച്ചതാണ്. മനസ്സിലായിട്ടൊന്നുമല്ല കേട്ടോ. ഇപ്പോഴാണ് ഫ്രാൻസീസിന്റെ മുഖം മനസ്സിലായത്. ഈ ചിരി ഒർജിനലാ. മറ്റേച്ചിരി സിനിമാക്കാരുടെയാ. ആരെക്കണ്ടാലും ഒരു നമ്പരുചിരി".**

മാനസ്സികരോഗാശുപത്രിയിലെത്തുന്ന ശങ്കരൻ മകനെഴുതുന്ന കത്തുകളിലൂടെയാണ് കഥ വികസിക്കുന്നത്. പലവട്ടം കത്തുകളെഴുതിയെങ്കിലും മകൻ രാമുവോ മകൾ ജലജയോ ഭാര്യ സരോജിനിയോ ഒരിക്കൽപോലും അയാളെ കാണാനെത്തിയില്ല. മുപ്പതിലധികം വർഷം അയാൾ സൗജന്യമായി ചികിത്സിക്കുന്ന ആ ആശുപത്രിയിൽ കഴിയുന്നുണ്ട്. ഇടയ്ക്ക് വല്ലപ്പോഴും വരുന്നത് അയാളുടെ ഒരു സുഹൃത്ത് മാത്രം. ഇടയ്ക്ക് അയാൾക്കു സാന്ത്വനമായി ഒരു യുവ ഡോക്ടറും എത്തുന്നുണ്ട്.

സ്കിസോഫ്രേനിയ എന്ന മാനസ്സികരോഗത്തിന്റെ മൂലകാരണങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്ന ആ യുവ ഡോക്ടർ ഇടയ്ക്ക് സ്ഥലം മാറിപ്പോകുമ്പോൾ ശങ്കരൻ വീണ്ടും ഒറ്റപ്പെട്ടുപോകുന്നു. ശങ്കരന്റെ ഓരോ ചലനവും വിഷാദച്ഛവി കലർന്ന ഡയലോഗുകളും തിയേറ്ററിനുള്ളിലിരിക്കുന്ന പ്രേക്ഷകർ ശ്വാസമടക്കിപ്പിടിച്ചാണ് കണ്ടിരുന്നത്.

തന്റെ സ്ഥിരം'മാനറിസങ്ങൾ' മാറ്റിവച്ചാണ് താനീ ചിത്രത്തിൽ അഭിനയിച്ചതെന്ന് പിന്നീട് പ്രസ് ക്ലബിൽ ഓപ്പൺഫോറത്തിനെത്തിയപ്പോൾ ഇന്നസെന്റ് പറഞ്ഞു. വിഷാദരോഗം വളർന്ന് ചിത്തഭ്രമത്തിന്റെ മൂർധന്യത്തിലെത്തിച്ചേരുന്നിടം വരെ ആ കഥാപാത്രത്തിന്റെ ഭാവം കാത്തുസൂക്ഷിച്ചതിനെക്കുറിച്ചും ഇന്നസെന്റിന് ഉത്തരമുണ്ട്.

ഈ സിനിമയ്ക്ക് വല്യ പ്രതിഫലം പ്രതീക്ഷിക്കേണ്ടെന്ന് ഇവര് ജോഷി മാത്യുവും ജോസ് തോമസും ഷൂട്ടിങ്ങിനിടയ്ക്ക് എന്നെ ഓർമിപ്പിക്കും. അതോണ്ട് അവസാനം വരെ വിഷാദഭാവം നിലനിർത്താനായി കേട്ടോ. പിന്നെ കുതിരവട്ടത്തെ മാനസ്സികരോഗാശുപത്രിയിലായിരുന്നല്ലോ ഷൂട്ടിംഗിന്റെ തൊണ്ണൂറു ശതമാനവും. കുറച്ചുകഴിഞ്ഞപ്പോൾ ഞാനും അവരിലൊരാളാണെന്ന് കാഴ്ചക്കാര് കരുതി.

അതു ശരിയാണ്. ഷൂട്ടിംഗിനിടയിൽ ഞാനും ഫിലിംക്രിട്ടിക്സ് ജനറൽ സെക്രട്ടറി മണ്ണാറക്കയം ബേബിയും ജോസഫ് മാത്യു പാലായും അവിടെ ചെന്നിരുന്നു .അടുത്ത ഷോട്ടിനായി ഒരു മരത്തിന്റെ ചുറ്റുമായി തീർത്ത കൽക്കെട്ടിലിരിക്കുകയായിരുന്നു, ഇന്നസെന്റ്. കണ്ടിട്ട് പതിവു ചിരിയില്ല. കണ്ടഭാവം പോലുമില്ല. ഞങ്ങളുടെ കുശലാന്വേഷണങ്ങൾക്ക് 'ഭ്രാന്തൻ മറുപടി'! കഥാപാത്രത്തിന്റെ മൂഡ് നഷ്ടപ്പെടാതെ ചിത്തഭ്രമബാധിതനായ ശങ്കരനായി രൂപാന്തരപ്പെട്ടിരുന്നു, ഇന്നസെന്റ് അപ്പോൾ.

ചന്ദനക്കളറിലുള്ള സിൽക്കു ജുബ്ബയിലാണ് ഇന്നസെന്റ് പ്രീവ്യൂവിന് എത്തിയത്. തലേദിവസം കൊച്ചിയിലെ അബാദ് പ്ലാസയിൽ വച്ച് ഇന്നസെന്റിന്റെ മെഴുകുപ്രതിമ അനാച്ഛാദനം ചെയ്ത ചിത്രം പത്രത്തിലുണ്ടായിരുന്നു. മോഹൻലാലിനടുത്ത് നില്ക്കുന്ന 'ഇന്നച്ചന്മാരിൽ' ഒറിജിനൽ ആര് എന്ന് കാണികൾ സംശയിക്കുന്ന തരത്തിൽ ഒറിജിനാലിറ്റിയുള്ള പ്രതിമ എന്ന് അതു കണ്ടപ്പോൾ തോന്നി.

"ഇനീപ്പോ. അവനെ ഉദ്ഘാടനത്തിനും മറ്റും വിളിച്ചാലോ"-ഇന്നസെന്റിന് അതിനുമുണ്ടായിരുന്നു ഉത്തരം.

ഈയിടെ പുറത്തിറങ്ങിയ ബ്ലസിയുടെ ഭ്രമരത്തിനുശേഷം ശ്യാമപ്രസാദിന്റെ ഋതുവിനും ഷാജി എൻ.കരുണിന്റെ കുട്ടിസ്രാങ്കിനും കെ.എം.മധുസൂദനന്റെ ബയോസ്കോപ്പിനും ശേഷം നല്ല ഒരു സിനിമ കണ്ട സംതൃപ്തി ജോഷി മാത്യുവിന്റെ പത്താംനിലയിലെ തീവണ്ടി സമ്മാനിച്ചു. ഒപ്പം ഇന്നസെന്റ് എന്ന അനുഗൃഹീത നടനുമൊത്ത് മൂന്നു മണിക്കൂർ ചെലവഴിക്കാൻ കഴിഞ്ഞതും അപൂർവാനുഭവമായി. ❑



*കെ.ടി.യു.സി (എം) പാലാ നിയോജകമണ്ഡലം കമ്മിറ്റി നേതൃയോഗം കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. ജോസുകുട്ടി പൂവേലിൽ, ബേബി ഉഴുത്തുവാൽ, സക്കറിയാസ് വലവൂർ, കുര്യാക്കോസ് പടവൻ, സജി മഞ്ഞക്കടമ്പിൽ, ടോമി മൂലയിൽ, ഇ.സി. ദേവസ്യാ, സന്തോഷ് വിച്ചാട്ട്, പ്രിൻസ് കുര്യത്ത്, എം.ടി.മാത്യു, ടോമി കട്ടയിൽ എന്നിവർ സമീപം.*

നാരദൻ

# പതിമൂന്നാം പേജ്

## സഹയാത്രികരേ എതിലേ? എതിലേ?

ഇങ്ങനെയൊക്കെ സംഭവിക്കുമെന്നാരു കരുതി? പിണറായി വിജയനു സെബാസ്റ്റ്യൻ പോളിനെയും സെബാസ്റ്റ്യൻ പോളിനു പിണറായി വിജയനെയും വേണ്ടാതായിരിക്കുന്നു. രണ്ടുപേരെയും ഇങ്ങനെ ഒപ്പമിരുത്തി സംസാരിക്കാൻ തന്നെ പേടിക്കണം! എന്തെന്നാൽ, സർവശക്തനായ പിണറായി വിജയനാര്? വെറുമൊരു സഹയാത്രികനും മുൻ പാർലമെണ്ടംഗവുമായ സെബാസ്റ്റ്യൻ പോളാര്?

എങ്കിലും ഈ സെബാസ്റ്റ്യൻ പോളിനെയും നാലു പേരറിയും കേട്ടോ. രണ്ടുമൂന്നു തവണ പാർലമെണ്ടംഗമായിരുന്ന ആളല്ലേ? ചാനലുകളിലെ അതിഥി താരം. പാർട്ടി ചാനലിലെ മാധ്യമ വിചാരിപ്പുകാരൻ. അത്യാവശ്യത്തിലേറെ വിവരമുള്ള ഈ വക്കീൽ സാറിന്റെ ആലോചനാപൂർണമായ നിയന്ത്രിത സംഭാഷണ രീതിയും ഊറിയ നർമവുമൊക്കെ ആരാണിഷ്ടപ്പെടാത്തത്?

പക്ഷേ, എന്തോ സാറു പോരെന്നു പാർട്ടിക്കൊരു തോന്നൽ. ലാവ്‌ലിൻ അമ്പേറ്റു നേതാവു പിടഞ്ഞ അഥവാ പിടഞ്ഞുകൊണ്ടിരിക്കുന്ന നാളുകളിൽ എന്തുകൊണ്ട് പോൾ സാർ വേണ്ടപോലെ അരയും തലയും മുറുക്കി വന്നില്ലായെന്നാണു പാർട്ടിയുടെ ചോദ്യം. മാധ്യമ സ്വാതന്ത്ര്യമെന്നു പറഞ്ഞ് ഇല്ലാവചനം പറയുന്നവരെ കയറൂരിവിടണമെന്നോ? അതു നടക്കില്ല.

ഏതായാലും പിണറായിക്കുവേണ്ടി ചാവേറാവാനൊന്നും തന്നെക്കിട്ടില്ലെന്ന് വക്കീൽ സാറു തുറന്നു പറഞ്ഞുകഴിഞ്ഞു. എനിക്കെന്റെ വഴി; ഇനി സുപ്രീംകോടതിയിൽ പോയി വല്ലതും വാദിച്ചുകഴിയാനാണു കക്ഷിയുടെ പ്ലാൻ! നല്ലതു തന്നെ.

പാർലമെണ്ടംഗമായിരിക്കുമ്പോഴത്തെ സുഖവും അതില്ലാതാകുമ്പോഴത്തെ അസുഖവും എന്തെന്ന് സെബാസ്റ്റ്യൻ പോളിനേ അറിയൂ. എങ്കിലും സങ്കടപ്പെടാനൊന്നുമില്ല. കഷ്ടപ്പെട്ട് ഇത്രയൊക്കെ സാധിച്ചെടുത്തില്ലേ?

ഇങ്ങനെയായിരിക്കുമോ സഹയാത്രികന്മാരുടെയെല്ലാം അന്ത്യം? കൂടെ നടക്കുന്നവനാണു സഹനയാത്രികൻ. ആ യാത്രയെല്ലാം സഹയാത്രയായിരുന്നുവെന്നു പോളിന്റെ വെളിപ്പെടുത്തൽ. പാർട്ടിക്കുവേണ്ടി പലതും വിഴുങ്ങിയിട്ടുണ്ടത്രെ.



ഏതായാലും പാർട്ടി മെമ്പറല്ലാത്തതുകൊണ്ടു പേടിക്കാനില്ല. ആരും പുറത്താക്കില്ലല്ലോ. പക്ഷേ, സൈഡിലോട്ടു മാറി നിന്നാൽ മതി. അവരു കേറിപ്പൊയ്ക്കോളും. നമുക്കു സുപ്രീംകോടതിലോട്ടു വണ്ടികേറാം. എന്തായാലും സെബാസ്റ്റ്യൻ പോൾ നല്കുന്ന ഗുണപാഠങ്ങൾ കുറഞ്ഞപക്ഷം നസ്രാണികൾക്കെങ്കിലും ആലോചിക്കാൻ വകയുള്ളതാണ്.

## മുഖം നഷ്ടപ്പെട്ടവർ

ഹെൽമറ്റു ധരിക്കാത്തവർ കൈപൊക്കണമെന്നു മുകളിൽ നിന്നാരെങ്കിലും ആവശ്യപ്പെട്ടാൽ കേരളത്തിൽ ഇനി ചുരുക്കം പേരേ കാണൂ. ഏറെക്കുറെ എല്ലാ മാന്യമഹാജനങ്ങളും അതെടുത്തണിഞ്ഞു കഴിഞ്ഞു. വഴിയിലിറങ്ങി നിന്നാൽ മുഖം നഷ്ടപ്പെട്ട എത്രയായിരം മനുഷ്യരാണു തലങ്ങും വിലങ്ങും പായുന്നത് ! ചിരിയും കരച്ചിലും ഒരുപോലെ വരും.

ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്നു പറഞ്ഞമാതിരി, നിവൃത്തിയില്ലേൽ ഹെൽമറ്റുവയ്ക്കും എന്ന അവസ്ഥയിൽ എല്ലാ ചെറുപ്പക്കാരും എത്തിക്കഴിഞ്ഞു. എത്ര പിഴപെട്ടവനാണെങ്കിലും പതിവായി പിഴയൊടുക്കാൻ ഇഷ്ടപ്പെടുന്നില്ല.

ഒറ്റപ്പെട്ട ചിലയിടങ്ങളിൽ ചില പാർട്ടി സഖാക്കൾ ഹെൽമറ്റു വയ്ക്കാതെ പോലീസ് ഏമാന്മാരെ വെല്ലുവിളിച്ചിട്ടുണ്ടെന്നതു നേര്. പക്ഷേ, അതൊന്നും ശാശ്വതമെന്നു പറഞ്ഞുകൂടാ. ഏതായാലും കേരളത്തിൽ ഇത്ര കാര്യക്ഷമതയോടെ നടപ്പാക്കിയ ഒരു പരിഷ്ക്കാരം ഈ നൂറ്റാണ്ടിൽ വേറെയുണ്ടോയെന്നും സംശയം. ഭൂപരിഷ്ക്കരണം പോലും ഇപ്പോഴും ആക്ഷേപം കേട്ടുകൊണ്ടിരിക്കുന്നു.

കാര്യമിങ്ങനെയൊക്കെയാണെങ്കിലും ഹെൽമറ്റ് പരിഷ്ക്കാരം എല്ലാവർക്കും പൊന്നിഷ്ടമാണെന്നു ധരിക്കരുതേ. പലർക്കും ഇതു തലവേദന തന്നെയാണ്. കാറുണ്ടായിട്ടും ബൈക്കിൽ ഷൈൻ ചെയ്തു നടന്നിരുന്ന പല പൂവാലന്മാർക്കും ഈ തലച്ചുമട് ഇരിപ്പതായി. നമ്മളെല്ലാം കണ്ടിട്ടെന്ത്, നമ്മെയാരും കാണുന്നില്ല. പല സുന്ദരകളേബരന്മാരുടെയും മുഖദർശനം അനേകം സുന്ദരികൾക്കു നഷ്ടപ്പെട്ടതായാണറിവ്.



എന്നാൽ, ചില കോന്തന്മാർ ഈ മറവിലൊളിച്ചതായും കാണുന്നു.

ഓരോ ഹെൽമറ്റിന്റെയും ശില്പഘടനയനുസരിച്ച്-ചന്ദ്രഗ്രഹണം കാണുന്നതുപോലെ പൂർണം, അപൂർണം, ഭാഗികം എന്നിങ്ങനെ വിവിധ അവസ്ഥകളിൽ ഹെൽമറ്റ് ധാരികൾ കാണപ്പെടുന്നു. വെറും പേരിന് ഒരു ചെറുചട്ടിയാണു ചില ഹെൽമറ്റ്. മുഖം വ്യക്തം. മറ്റു ചിലത് അമാവാസിപോലെ കറുത്തിരിക്കുന്നു. തികച്ചും ഭീതിജനകം. അകത്തൊളിപ്പിച്ചിരിക്കുന്നതു ഭീകരന്റെയോ പഞ്ചപാവത്തിന്റെയോ മുഖമെന്നു തീർത്തും അവ്യക്തം. മൂടൽമഞ്ഞിലെന്നപോലെ മുഖം ഭാഗികമായി കാണാവുന്ന ഹെൽമറ്റുകൾ വേറെ.

ഏതായാലും ഹെൽമറ്റു പരിഷ്ക്കാരത്തോടു കൂടി അപകടങ്ങളിലെ മരണസംഖ്യ കുറഞ്ഞുവെന്നാണു കണക്കുകൾ വ്യക്തമാക്കുന്നത്. നല്ലതുതന്നെ. പക്ഷേ, ഗുണ്ടകളും തീവ്രവാദികളും അതിനും കൂടി പകരം വീട്ടാൻ വന്നിരിക്കുകയാണല്ലോ! വഴിയേ നടക്കുന്നവനെയും ചുമ്മാ വെട്ടിക്കൊല്ലുന്ന നാട്ടിൽ കാൽനടക്കാർക്കു പോർച്ചട്ടതന്നെ വേണ്ടിവരുമെന്നാണു തോന്നുന്നത്. ബൈക്കിൽ വന്നു മാല മോഷ്ടിച്ചു മറയുന്ന കള്ളന്മാർക്കെല്ലാം ഇന്നു ഹെൽമറ്റുണ്ട്. പ്രത്യേകം മുഖംമൂടി കവർച്ചയ്ക്കും ആവശ്യമില്ലാതായിരിക്കുന്നു. മുഖം രക്ഷിക്കാനും മാനം രക്ഷിക്കാനും ഹെൽമറ്റ് അത്യുത്തമം!

മികച്ച ക്രമസമാധാനപാലനത്തിന് ഇന്ത്യാ ടുഡെയുടെ അവാർഡു വാങ്ങിയ ആഭ്യന്തരമന്ത്രിക്ക് നല്ലൊരു ഹെൽമറ്റു കൂടി നല്കിയിരുന്നെങ്കിൽ അർത്ഥപൂർണമാകുമായിരുന്നു.

# മൊഴിയും മറുമൊഴിയും

### ചാണക്യൻ

ജഡ്ജിമാരില്ല; കോടതികൾ പൂട്ടുന്നു.
*- മാധ്യമം പത്രത്തിലെ ഒരു തലക്കെട്ട്.*

➢ **നീതി നടപ്പാക്കാൻ 'ക്വട്ടേഷൻ സംഘങ്ങൾ സുലഭമായ ഇക്കാലത്ത് ഈ ജഡ്ജിമാരുടെ കുറവ് ഒരു കുറവേയല്ല.**

* * * * *

രാജ്യത്തെ ഏറ്റവും വലിയ പണക്കാരി ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയാകുന്നു. ഹരിയാനയിലെ മുൻ ഊർജ മന്ത്രി ഒ.പി.ജിൻഡാലിന്റെ ഭാര്യ സാവിത്രി ജിൻഡാലാണ് ഹിസാർ മണ്ഡലത്തിൽ മത്സരിക്കാൻ പത്രിക നല്കിയത്.12,000 കോടി രൂപയാണ് സാവിത്രിയുടെ പേരിലുള്ള സ്വത്ത്.
*- പത്രറിപ്പോർട്ട്*

➢ **മക്കളേ, നമ്മുടെ മാഡം വല്ലപ്പോഴുമെങ്കിലും 'കന്നുകാലി ക്ലാസിൽ' യാത്ര ചെയ്തു ഹരിയാനക്കാരെ ആനന്ദിപ്പിക്കുമെന്നു കരുതാം.**

* * * * *

എൽ.കെ.അദ്വാനി പഴകിയ അച്ചാറാണെന്നു പറഞ്ഞ മുതിർന്ന ബി.ജെ.പി. നേതാവ് മനോഹർ പരിക്കർ പിറ്റേന്ന് അത് തിരുത്തി.
*- പത്രറിപ്പോർട്ട്*

➢ **അച്ചാറെടുത്തവഴി ഒന്നുകിൽ കണ്ണിൽ തെറിച്ചു; അഥവാ ഉടുപ്പേൽ വീണു.**

* * * * *

മദ്യപാനം ശീലമാക്കിയവർ അല്പം കള്ളുമാത്രം കുടിച്ചാൽ മതിയെന്ന് വൈദ്യുതി മന്ത്രി എ.കെ. ബാലൻ.

➢ **ഏതുവേണമെങ്കിലും കഴിക്കട്ടെ സാറേ, നന്നായിട്ടു പൂസായി നേരത്തെ കിടന്നുറങ്ങിയാൽ വൈദ്യുതി അത്രയും കൂടി ലാഭിക്കാം.**

* * * * *

അടുത്ത ഉത്സവകാലം അപകടരഹിതമാക്കാൻ ആനയുടമകളുടെയും തൊഴിലാളികളുടെയും ഉത്സവകമ്മിറ്റികളുടെയും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കാൻ കേരള എലിഫെന്റ് ഓണേഴ്സ് ഫെഡറേഷൻ തൃശൂരിൽ സംഘടിപ്പിച്ച ഓപ്പൺഹൗസിൽ തീരുമാനമായി.
*- പത്രവാർത്ത*

➢ **ആനക്കാര്യത്തിനിടയിൽ ചേനക്കാര്യവുമായി ആരും വരാതിരുന്നാൽ മതിയായിരുന്നു.**

* * * * *

എസ്.എൻ.ഡി.പി. യോഗത്തിനെതിരെ കുപ്രചാരണങ്ങൾ നടത്തുന്നവർ സമുദായത്തെ തകർക്കാൻ ലക്ഷ്യമിടുന്ന ശക്തികളിൽ നിന്ന് അച്ചാരം പറ്റിയവരാണെന്നു ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ.

➢ **എന്തുചെയ്യാം, വെള്ളാപ്പള്ളിയുടെ ഓശാരം ഇല്ലെങ്കിൽ വല്ലവന്റെയും അച്ചാരമാകട്ടേയെന്ന് അവരു കണ്ടു.**

* * * * *

മൊബൈൽ ഫോൺ എസ്.എം.എസ് വഴി പാചകവാതക സിലിണ്ടർ ബുക്കുചെയ്യുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനും ഭാരത് പെട്രോളിയവും അവസരമൊരുക്കുന്നു.
*-പത്രവാർത്ത*

➢ **വാതകം വരെ എസ്.എം.എസ് വഴിയായ ഇക്കാലത്തു പാചകമെന്തിനു മാറിനില്ക്കണം?**

* * * * *

പിണറായിയെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവർണർ അനുമതി നല്കിയതു ഭരണഘടനാവിരുദ്ധമാണെന്നു പ്രസംഗിക്കുന്ന സുകുമാർ അഴീക്കോട് പഠിച്ചതും പഠിപ്പിച്ചതും വൃത്തമഞ്ജരി പോലുള്ള സാഹിത്യസംബന്ധിയായ പുസ്തകങ്ങളാണ്. അഴീക്കോടിനെപ്പോലുള്ളവർ സാംസ്കാരിക നായകന്മാരായെങ്കിൽ നമ്മുടെ സംസ്കാരത്തിനു സാരമായ തകരാർ സംഭവിച്ചെന്ന് ഉറപ്പാണെന്ന് അഡ്വ.ജയശങ്കർ.

➢ **വക്കീൽ സാറേ, അഴീക്കോടിനിപ്പോൾ ആകെ അറിയാവുന്നതു കുറെ 'വൃദ്ധ'മഞ്ജരികളാണ്.**

* * * * *

അനുസ്മരണം

ഠ ഠ

പ്രിൻസ് രാജ്

## സമാധാനകാംഷിയായ നയതന്ത്രജ്ഞൻ

# വി.കെ.കൃഷ്ണമേനോൻ

# (1896–1974)

രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും അതിർവരമ്പുകൾ ഭേദിച്ച് വളരുന്നവർ, പ്രശസ്തിയിലേക്കുയരുന്നവർ, ഒരു രാഷ്ട്രത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിരൂപമായി ചരിത്രത്തിൽ ഇടം നേടുന്നവർ–ഇത്തരം വ്യക്തികളാൽ ലോകത്തെ ഏതൊരു രാഷ്ട്രത്തെയുംകാൾ സമ്പന്നമാണ് നമ്മുടെ ഭാരതം. ആ നിരയിലുൾപ്പെടുന്ന ഒരു ചരിത്രപുരുഷനാണ് വി.കെ. കൃഷ്ണമേനോൻ.

സ്വതന്ത്രഭാരതത്തിന്റെ ബ്രിട്ടണിലെ ആദ്യ നയതന്ത്ര പ്രതിനിധി എന്ന നിലയിലാവും അദ്ദേഹത്തെ പുതുതലമുറ വിലയിരുത്തുക. എന്നാൽ സമാനതകളില്ലാത്ത ദേശസ്നേഹത്തിന്റെ ആൾരൂപമായിരുന്നു, മഹാനായ ആ നയതന്ത്രജ്ഞൻ. മറ്റു വിശേഷണങ്ങളൊക്കെ ആ കർമധീരതയ്ക്കു രാജ്യം നല്കിയ തുച്ഛമായ സമ്മാനങ്ങൾ മാത്രമാണ്, കേന്ദ്രമന്ത്രിപദമുൾപ്പെടെ.

ബ്രിട്ടീഷ് ആധിപത്യം അതിന്റെ എല്ലാ ഭീകരരൂപവും പൂണ്ട് കൊടികുത്തിവാഴുന്ന കാലഘട്ടത്തിൽ മദ്രാസ് പ്രസിഡൻസി കോളജിലെ കൊടിമരത്തിൽ, ഇന്ത്യൻ ദേശീയതയുടെ മോചനത്തിനുവേണ്ടി വാദിച്ച ആനിബസന്റിന്റെ നേതൃത്വത്തിലുള്ള ഹോംറൂളിന്റെ കൊടി ഉയർത്തിയ പയ്യൻ. അവിടെനിന്നും തുടങ്ങിയ ദേശഭക്തിയുടെ ആ മഹനീയ ചരിത്രത്തിന് ഇന്ത്യൻ പാർലമെണ്ടും ഐക്യരാഷ്ട്രസഭയുമെല്ലാം പിന്നീട് വേദികളായി മാറി.

1896 മെയ് മൂന്നിന് കോഴിക്കോട് പന്നിയങ്കരയിലാണ് കൃഷ്ണമേനോൻ ജനിച്ചത്. മാതാപിതാക്കൾ വേങ്ങാലിൽ ലക്ഷ്മിക്കുട്ടിയമ്മയും മലബാറിലെ പ്രശസ്ത അഭിഭാഷകനായ കോമത്ത് കൃഷ്ണക്കുറുപ്പും. തലശ്ശേരി മുനിസിപ്പൽ സ്കൂൾ, കോഴിക്കോട് നേറ്റീവ് സ്കൂൾ, കോഴിക്കോട് സാമൂതിരി കോളജ് എന്നിവിടങ്ങളിലെ പഠനത്തിനുശേഷമാണ് മദ്രാസ് പ്രസിഡൻസി കോളജിലെത്തുന്നത്. ഇക്കണോമിക്സും ഹിസ്റ്ററിയും ഐച്ഛിക വിഷയങ്ങളായിരുന്നു.

കേംബ്രിഡ്ജിൽ ജവഹർലാൽ നെഹ്റുവിന്റെ സഹപാഠിയായിരുന്ന പ്രഫ.എം.എ.കാൻഡത്ത്, ഇന്ത്യയുടെ മുൻ രാഷ്ട്രപതിയും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ആദ്യ ഉപരാഷ്ട്രപതിയുമായ ഡോ.എസ്.രാധാകൃഷ്ണൻ തുടങ്ങിയ ഒട്ടേറെ മഹാവ്യക്തികൾ പ്രസിഡൻസി കോളജിൽ അദ്ദേഹത്തിന്റെ അധ്യാപകരായിരുന്നു.



വി.കെ.കൃഷ്ണമേനോൻ
യു.എൻ.പൊതുസഭയിലെ
ചർച്ചാവേളയിൽ

മാസ്മര ശക്തിയും ഓജസ്സുമുള്ള പ്രസംഗകനായിരുന്ന കൃഷ്ണമേനോൻ പഠനകാലത്തുതന്നെ സർവരുടെയും പ്രശംസയും അഭിനന്ദനങ്ങളും സ്നേഹവാത്സല്യങ്ങളും പിടിച്ചുപറ്റി. ഈ കുട്ടി പ്രശസ്തിയുടെയും ചരിത്രനേട്ടങ്ങളുടെയും കൊടുമുടികൾ കയറും എന്ന പ്രഫ.കാൻഡത്തിന്റെ വാക്കുകൾ കിറുകൃത്യമായ പ്രവചനമായിരുന്നു എന്ന് കാലം തെളിയിച്ചു. അതേ, ആ ധീരപൗരൻ, രാജ്യത്തിന്റെ അഭിമാനസ്തംഭം, ആഗോളതലത്തിൽ കോടാനുകോടി ഭാരതീയരുടെ ശബ്ദം, അത് ചരിത്രത്തിന്റെ വിഹായസ്സിലേക്ക് വളർന്നു. ഒരു പക്ഷേ രാജ്യത്തോളവും അല്ലെങ്കിൽ അതിനപ്പുറവും.

ബി.എ. പഠനത്തിനുശേഷം അച്ഛന്റെ ആഗ്രഹപ്രകാരം നിയമപഠനത്തിനുചേർന്നു. എന്നാൽ കോളജ് അധികൃതരുടെ കർശന നിബന്ധനകളിൽ പ്രതിഷേധിച്ച് പഠനം ഉപേക്ഷിച്ചു. കുടുംബത്തിന്റെ സമ്പത്തും പാരമ്പര്യവും, അക്കാലത്തെ ഉന്നതസ്ഥാനങ്ങളിലേക്കുള്ള വഴികൾ കൃഷ്ണമേനോനു മുന്നിൽ നിഷ്പ്രയാസം തുറക്കുമായിരുന്നു.

പക്ഷേ, രാജ്യത്തെ പാരതന്ത്ര്യത്തിൽ നിന്നും മോചിതമാക്കുവാനായി വിവിധ തലങ്ങളിൽ നടന്ന ഉദ്യമങ്ങളിൽ അദ്ദേഹം ആകൃഷ്ടനാകുകയാണുണ്ടായത്. ഡോ. അരുൺ ഡെയ്ലിന്റെ ദേശീയ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷ്ണമേനോൻ പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ തന്നെ നിർദേശപ്രകാരം, പകുതിക്കുവച്ചു നിന്നുപോയ നിയമപഠനം പൂർത്തിയാക്കുവാൻ ഇംഗ്ലണ്ടിലേക്കു യാത്രതിരിച്ചു.

പക്ഷേ പഠനശേഷം കൃഷ്ണമേനോൻ നാട്ടിലേക്കു മടങ്ങിയില്ല. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ രസതന്ത്രം ഐച്ഛികമായെടുത്തു ബിഎസ്സി ബിരുദം നേടി. ഹാരോൾഡ് ലാസ്കി അവിടെ കൃഷ്ണമേനോന്റെ അധ്യാപകനായിരുന്നു. അദ്ദേഹവുമായുള്ള അടുപ്പവും വ്യക്തിബന്ധവും ഉപയോഗിച്ച് രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും നാട്ടുകാരുടെ ക്ഷേമത്തിനും ഇംഗ്ലണ്ടിൽനിന്നു പലതും ചെയ്യാൻ കഴിയും എന്ന് കൃഷ്ണമേനോൻ മനസ്സിലാക്കി. ഇതിന്റെ ഭാഗമായിരുന്നു 'ഇന്ത്യൻ ലീഗ്' എന്ന പ്രസ്ഥാനം. ഇംഗ്ലണ്ടിലെ ലേബർ പാർട്ടിയുമായി ആശയപരമായ ബന്ധം സൃഷ്ടിക്കുവാനും കുറച്ച് വൈകിയാണെങ്കിലും ഇന്ത്യക്ക് സ്വാതന്ത്ര്യം അനുവദിക്കണമെന്ന



വി.കെ.കൃഷ്ണമേനോൻ
പ്രഭാഷണത്തിനിടെ
(ഒരു ഫയൽ ചിത്രം)

പ്രമേയം അവരെക്കൊണ്ട് പാസ്സാക്കിക്കുവാനും കഴിഞ്ഞത് വ്യക്തിപരമായി കൃഷ്ണമേനോന്റെ നേട്ടമായിരുന്നു.

വക്കീൽ ജോലി, ഇന്ത്യൻ ലീഗിന്റെ പ്രവർത്തനങ്ങൾ എന്നീ തിരക്കുകൾക്കിടയിലും അദ്ദേഹത്തിലെ ജിജ്ഞാസുവായ വിദ്യാർത്ഥി ഉണർന്നുതന്നെയിരുന്നു. എം.എ, എം.എസ്.സി, ബി.എൽ എന്നീ ബിരുദങ്ങൾ കരസ്ഥമാക്കി. 1932ൽ ഇന്ത്യാലീഗിന്റെ പ്രതിനിധിസംഘാംഗം എന്ന നിലയിൽ ഇന്ത്യയിൽ വിവിധ ഭാഗങ്ങളിൽ സന്ദർശനം നടത്തുകയും എട്ടുമാസങ്ങൾക്കുശേഷം 536 പേജുകൾ വരുന്ന റിപ്പോർട്ട് ബ്രിട്ടീഷ് സർക്കാരിനു സമർപ്പിക്കുകയും ചെയ്തു.

ബ്രിട്ടണിലെ നഗരസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച കൃഷ്ണമേനോൻ 14 വർഷത്തോളം കൗൺസിലറായിരുന്നു. ഇന്ത്യയിൽ ശക്തിപ്പെട്ടുവന്ന സോഷ്യലിസ്റ്റ് പാർട്ടിയുടെ ലണ്ടൻ സെക്രട്ടറിയായി അദ്ദേഹം അവരോധിതനായി. ഈ കാലഘട്ടത്തിലാണ് ജവഹർലാൽ നെഹ്റുവുമായി ഗാഢമായ ബന്ധത്തിന് തുടക്കം. സോഷ്യലിസ്റ്റ് ചിന്താഗതിക്കാരായ ഇരുവർക്കുമിടയിൽ യോജിപ്പിന്റെ തലങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

സ്വാതന്ത്ര്യാനന്തരം ഭരണനേതൃനിരയിൽ നെഹ്റുവിന്റെ കരുത്തായി കൃഷ്ണമേനോനും ഉണ്ടായിരുന്നു. സ്വതന്ത്രഭാരതത്തിന്റെ ശൈശവാവസ്ഥയിൽ രാജ്യത്തിന്റെ പൊതുവായ വളർച്ചയ്ക്കും ക്ഷേമത്തിനും അന്താരാഷ്ട്ര സഹകരണവും മറ്റു രാഷ്ട്രങ്ങളുമായുള്ള നയതന്ത്രബന്ധവും അനിവാര്യമായിരുന്നു. ഈ ചുമതല നെഹ്റു വിശ്വാസപൂർവം ഏല്പിച്ചത് കൃഷ്ണമേനോനെയായിരുന്നു. 1947 മുതൽ 52 വരെ അദ്ദേഹം ലണ്ടനിൽ ഹൈക്കമ്മീഷണറായിരുന്നു. ഔദ്യോഗിക വസതി വെടിഞ്ഞ് മുഴുവൻ സമയവും ഓഫീസിൽ തങ്ങിയ അദ്ദേഹം തന്റെ ചുമതലകളിൽ പൂർണമായി കർമനിരതനായി. ഒരു വിദ്യാർത്ഥിയുടെ ജിജ്ഞാസയോടെ പുതിയ കാര്യങ്ങൾ ഹൃദിസ്ഥമാക്കുവാനും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

**മാസ്മര ശക്തിയും ഓജസ്സുമുള്ള പ്രസംഗകനായിരുന്ന കൃഷ്ണമേനോൻ പഠനകാലത്തുതന്നെ സർവരുടെയും പ്രശംസയും അഭിനന്ദനങ്ങളും സ്നേഹവാത്സല്യങ്ങളും പിടിച്ചുപറ്റി. ഈ കുട്ടി പ്രശസ്തിയുടെയും ചരിത്രനേട്ടങ്ങളുടെയും കൊടുമുടികൾ കയറും എന്ന പ്രഫ. കാൻഡത്തിന്റെ വാക്കുകൾ കിറുകൃത്യമായ പ്രവചനമായിരുന്നു എന്ന് കാലം തെളിയിച്ചു.**

മദ്രാസിൽ നിന്നും രാജ്യസഭയിലെത്തിയ അദ്ദേഹത്തെ നെഹ്റു മന്ത്രിസഭയിലുൾപ്പെടുത്തിയെങ്കിലും വകുപ്പു ലഭിച്ചില്ല (1956–57). 1957ൽ വടക്കൻ മുംബൈയിൽ നിന്നും ലോക്സഭയിലെത്തി, തുടർന്നുള്ള അഞ്ചു വർഷക്കാലം (1957–62) അദ്ദേഹം പ്രതിരോധ മന്ത്രിയായി സേവനമനുഷ്ഠിച്ചു. ചൈനീസ് ആക്രമണത്തെത്തുടർന്ന് രാജ്യരക്ഷാകാര്യങ്ങളെ സംബന്ധിച്ച് ആരോപണങ്ങൾ ശക്തമായതിനെത്തുടർന്ന് അദ്ദേഹത്തിന് പ്രതിരോധമന്ത്രിസ്ഥാനം രാജിവയ്ക്കേണ്ടി വന്നു. 62ൽ നടന്ന തെരഞ്ഞെടുപ്പിലും വിജയം ആവർത്തിച്ചു. ഇത് അദ്ദേഹത്തിനെതിരേ ഉയർന്നുവന്ന ആരോപണങ്ങൾ കഴമ്പില്ലാത്തതാണ് എന്നതിന് തെളിവായിരുന്നു.

നെഹ്റുവിനുശേഷം കൃഷ്ണമേനോനെതിരായ രാഷ്ട്രീയ നീക്കം ശക്തിപ്പെടുന്നതാണ് കണ്ടത്. അതിന്റെ ഫലമായി അദ്ദേഹത്തിന് മുംബൈ സീറ്റ് നിഷേധിക്കപ്പെട്ടു. തുടർന്ന് സ്വതന്ത്രനായി മത്സരിച്ചെങ്കിലും വിജയിക്കാനായില്ല. പക്ഷേ, പിന്നീടും രണ്ടു തവണ അദ്ദേഹം ലോക്സഭാംഗമായി. മിഡ്നാപൂർ (1969), തിരുവനന്തപുരം (1971) എന്നിവിടങ്ങളിൽ നിന്നുമായിരുന്നു വിജയം.

നിരവധി സർവകലാശാലകൾ ഓണററി ബിരുദം നല്കി ആദരിച്ച കൃഷ്ണമേനോനെ രാഷ്ട്രം പദ്മഭൂഷൺ നല്കി ബഹുമാനിച്ചു. ആഗോളതലത്തിൽ തന്നെ സമാധാനത്തിന്റെയും ചേരിചേരാ നയത്തിന്റെയും ശക്തനായ വക്താവും പ്രയോക്താവുമായിരുന്ന ആ കർമയോഗി 1974 ഒക്ടോബർ 6ന് ന്യൂഡൽഹിയിലെ ജി.സി.പന്ത് ആശുപത്രിയിൽ ദിവംഗതനായി.

**1947 മുതൽ 52 വരെ അദ്ദേഹം ലണ്ടനിൽ ഹൈക്കമ്മീഷണറായിരുന്നു. ഔദ്യോഗിക വസതി വെടിഞ്ഞ് മുഴുവൻ സമയവും ഓഫീസിൽ തങ്ങിയ അദ്ദേഹം തന്റെ ചുമതലകളിൽ പൂർണമായി കർമനിരതനായി. ഒരു വിദ്യാർത്ഥിയുടെ ജിജ്ഞാസയോടെ പുതിയ കാര്യങ്ങൾ ഹൃദിസ്ഥമാക്കുവാനും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.**




# രാജസൂയത്തിന്നുള്ള ഒരുക്കങ്ങൾ പൂർത്തിയാവുന്നു

സവ്യസാചി

ജരാസന്ധ വധത്തിനുശേഷം ശ്രീകൃഷ്ണനും ഭീമാർജുനന്മാരും ഏതാനും നാളുകൾ കൂടി മഗധയിൽ താമസിക്കേണ്ടി വന്നു. ജരാസന്ധപുത്രൻ സഹദേവൻ ഭയസംഭ്രമങ്ങളോടെ ശ്രീകൃഷ്ണ സന്നിധിയിൽ എത്തി പാദം വണങ്ങി അഭയം തരണമേയെന്നപേക്ഷിച്ചു. സഹദേവനെ പിടിച്ചെഴുന്നേല്പിച്ച് ആശ്ലേഷിച്ചുകൊണ്ടു കൃഷ്ണൻ പറഞ്ഞു: ഭയപ്പെടേണ്ട, കുമാരാ. നിന്റെ പിതാവു ചെയ്ത തെറ്റുകൾക്ക് അയാൾ അർഹമായ ശിക്ഷ ഏറ്റുവാങ്ങി. ആ പാപഭാരം ഇനി നിന്നെ ബാധിക്കുകയില്ല. സ്വന്തം രാജ്യം സുരക്ഷിതമായി സുക്ഷിക്കുകയും ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾ ഉറപ്പാക്കുകയുമാണു രാജാക്കന്മാർ ചെയ്യേണ്ടത്. അതിനു പകരം കൈയൂക്കും സേനാബലവുമുണ്ടെന്നു കരുതി അയൽരാജ്യങ്ങളെ ആക്രമിക്കുകയും രാജാക്കന്മാരെ വധിക്കുകയും തടവിലാക്കുകയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും ജീവിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യലല്ല രാജധർമം. കുമാരൻ ഇക്കാര്യം മറക്കാതിരിക്കുക. ഞാനും പാണ്ഡവരും മഗധയുടെ നല്ല സുഹൃത്തുക്കളായിരിക്കും. മഗധയിലെ സിംഹാസനത്തിന്റെ അവകാശി നീ തന്നെയാണ്. അത് മറ്റാരും അപഹരിക്കുകയില്ല, ധൈര്യമായിരിക്കൂ. ധർമാനുസരണം രാജ്യം ഭരിക്കുക. ജനങ്ങളെ സംരക്ഷിക്കുക.

സഹദേവൻ സന്തുഷ്ടനായി. അദ്ദേഹം രാജഭണ്ഡാരത്തിൽ നിന്നു വിലയേറിയ രത്നങ്ങൾ കൊണ്ടുവന്നു ശ്രീകൃഷ്ണനും പാണ്ഡവർക്കും സമ്മാനിച്ചു. എന്നും ഇന്ദ്രപ്രസ്ഥത്തിന്റെ വിശ്വസ്തനായിരുന്നുകൊള്ളാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

സ്വന്തം രാജ്യം തിരിച്ചുകിട്ടിയ രാജാക്കന്മാർ ഓരോരുത്തരായി മഗധയിൽ മടങ്ങിയെത്തി തങ്ങളെ രക്ഷിച്ചവരെ ഭയബഹുമാനപുരസ്സരം വണങ്ങി. വിലയേറിയ സമ്മാനങ്ങൾ കാഴ്ചവച്ചു. എന്താണു തങ്ങൾ പ്രത്യുപകാരമായി ചെയ്യേണ്ടതെന്നു ചോദിച്ചവരോടെല്ലാം കൃഷ്ണൻ പറഞ്ഞു: ഇന്ദ്രപ്രസ്ഥത്തിന്റെ വിശ്വസ്തരായിരിക്കുക. യുധിഷ്ഠിരരാജാവു നടത്താൻ പോകുന്ന രാജസൂയത്തിന് എല്ലാ പിന്തുണയും സഹകരണവും നല്കുക.

ശ്രീകൃഷ്ണ നിർദേശം ശിരസാവഹിച്ചു രാജാക്കന്മാർ സ്വന്തം രാജ്യങ്ങളിലേക്കു മടങ്ങി.

മഗധയിലെ രാജ്യകാര്യങ്ങളെല്ലാം ഭദ്രമായി ക്രമീകരിച്ചതിനുശേഷം ശ്രീകൃഷ്ണനും പാണ്ഡവരോടൊപ്പം ഇന്ദ്രപ്രസ്ഥത്തിലേക്കു മടങ്ങി. ജരാസന്ധന് പിതാവു ബൃഹദ്രഥനിൽ നിന്നു പൈതൃകമായി കിട്ടിയ ദിവ്യരഥത്തിലാണ് അവർ യാത്രപുറപ്പെട്ടത്. ബൃഹദ്രഥനു പിതാവായ വസുവിൽ നിന്നു ലഭിച്ച ആ രഥം വസുവിനു ദേവേന്ദ്രൻ സമ്മാനിച്ചതായിരുന്നു.

സമ്മാനങ്ങളായി ലഭിച്ച വമ്പിച്ച സമ്പത്തുമായി ഇന്ദ്രപ്രസ്ഥത്തിലെത്തിയ ശ്രീകൃഷ്ണനും പാണ്ഡവർക്കും വീരോചിതവും വർണശബളവുമായ വരവേല്പുണ്ടായി. സഹോദരസ്നേഹം കൊണ്ടു നിറഞ്ഞു യുധിഷ്ഠിരനെ കൃഷ്ണൻ ഗാഢമായി ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു: യുധിഷ്ഠിരരാജാവേ, ഭാഗ്യം. ജരാസന്ധനെ ഭീമൻ നിഷ്പ്രയാസം വധിച്ചു. എതിർത്തുനിന്ന മറ്റുള്ളവരെ അർജുനബാണങ്ങൾ കാലപുരിക്കയച്ചു. രാജസൂയത്തിനു തടസ്സം നിന്നേക്കാവുന്ന ഒരേയൊരു രാജാവേ ഉണ്ടായിരുന്നുള്ളൂ. അയാൾ വധിക്കപ്പെട്ടതോടെ ഇനി സസന്തോഷം ഒരുക്കങ്ങൾ ആരംഭിക്കാം. ആദ്യം വേണ്ടതു ദിഗ്വിജയമാണ്. അതിനു ഭീമാർജുന നകുലസഹദേവന്മാർ നാലുദിക്കുകളിലേക്കും സർവസന്നാഹങ്ങളോടെ നാളെത്തന്നെ യാത്ര ആരംഭിക്കട്ടെ. എല്ലാം മംഗളമായിരിക്കും.



*യുധിഷ്ഠിരൻ ഭീഷ്മദ്രോണാദികളെ നമസ്ക്കരിച്ചുകൊണ്ടു പറഞ്ഞു: ഈ യജ്ഞം നന്നായി നടത്താനുള്ള അനുഗ്രഹം നല്കിയാലും. എനിക്കുള്ള ഈ വമ്പിച്ച സമ്പത്ത്രയും നിങ്ങളുടേതും കൂടിയാണ്. എന്തൊക്കെ എങ്ങനെയൊക്കെ ചെയ്യണം എന്നു നിങ്ങൾ തന്നെ എന്നെ വഴി നടത്തണം.*

അടുത്ത ദിവസം തന്നെ, തന്റെ ആഗമനദൗത്യം പൂർത്തിയാക്കിയ ചാരിതാർത്ഥ്യത്തോടെ ശ്രീകൃഷ്ണൻ എല്ലാവരോടും യാത്രപറഞ്ഞു ദ്വാരകയിലേക്കു മടങ്ങുകയും ചെയ്തു.

ദിഗ്വിജയ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി യുധിഷ്ഠിര സഹോദരന്മാർ പുറപ്പെട്ടു. ഭീമൻ കിഴക്കേദിക്കിലേക്കും അർജുനൻ, നകുലൻ, സഹദേവൻ എന്നിവർ യഥാക്രമം വടക്ക്, തെക്ക്, പടിഞ്ഞാറ് ദിക്കുകളിലേക്കുമാണ് പോയത്.

എതിർത്തവരെ കീഴടക്കിയും ശത്രുക്കളെ സംഹരിച്ചും കീഴടങ്ങിയവരെ സംരക്ഷിച്ചും പാണ്ഡവസഹോദരന്മാർ നടത്തിയ ദിഗ്വിജയയാത്ര മാസങ്ങൾ നീണ്ടുനിന്നു. അവസാനം എണ്ണമറ്റ രത്നസമ്പത്തും മറ്റു സമ്മാനങ്ങളുമായി അവർ മടങ്ങിയെത്തി. കീഴടങ്ങിയവർ നല്കിയ കപ്പവും എതിർത്തവരെ പരാജയപ്പെടുത്തി നേടിയ സമ്പത്തും അളവറ്റതായിരുന്നു. അതെല്ലാം ഏറ്റുവാങ്ങി യുധിഷ്ഠിരൻ രാജഭണ്ഡാരത്തിൽ നിക്ഷേപിച്ചു.

'ഇനിയും രാജസൂയം വൈകിക്കേണ്ട'. എല്ലാവരും അങ്ങനെ പറഞ്ഞു. രാജ്യഭരണം കാര്യക്ഷമവും ജനക്ഷേമകരവുമായി മുന്നോട്ടു കൊണ്ടുപോകാൻ യുധിഷ്ഠിരനു കഴിഞ്ഞു. രാജ്യമെമ്പാടും ഐശ്വര്യം നിറഞ്ഞു. ഓരോരുത്തരും അവരവരുടേതായ കർമങ്ങളിൽ മാത്രം ശ്രദ്ധവച്ചു. ഈശ്വരപ്രീതിക്കായി യജ്ഞാദി കർമങ്ങൾ വിധിപ്രകാരം മുടങ്ങാതെ നടന്നു. പ്രകൃതിയുടെ അനുഗ്രഹം വർഷമായും വേനലായും ഋതുക്കകൾ തോറും മാറിമാറി അനുഭവപ്പെട്ടു. ഈശ്വരാനുഗ്രഹം കൃഷിക്കാർക്കു നെല്ലായും പശുക്കൾക്കു പുല്ലായും നിറഞ്ഞുതുളുമ്പി. പശുക്കൾ ഏറ്റവും വലിയ സമ്പത്തായി ഗോശാലകളിൽ കൊള്ളാത്തവിധം പെരുകി വർധിച്ചു.

കള്ളന്മാരും ചതിയന്മാരും നാട്ടിലില്ലാതായി. ഏഷണിക്കാരെയും കപടസ്തുതിപ്പുകാരെയും എങ്ങും കാണാനില്ലാതായി. രാജഭണ്ഡാരത്തിലേക്കുള്ള വിഹിതം കൃത്യമായി നല്കാൻ കൃഷിക്കാരും കച്ചവടക്കാരും മറ്റു തൊഴിൽ ചെയ്യുന്നവരും കൊട്ടാരത്തിനുമുന്നിൽ ദിവസവും നീണ്ടനിരയായി സ്ഥലം പിടിച്ചു. ധാന്യപ്പുരകളും രാജഭണ്ഡാരവും നിറഞ്ഞുകവിഞ്ഞു.

ഈ സമൃദ്ധി രാജസൂയത്തിന്റെ വിജയകരമായ അനുഷ്ഠാനത്തിനും പരിസമാപ്തിക്കും വഴിയൊരുക്കുമെന്ന ആത്മവിശ്വാസം യുധിഷ്ഠിരനും സഹോദരങ്ങൾക്കും പ്രദാനം ചെയ്തു. ഇനിയും വൈകിക്കേണ്ട എന്ന തീരുമാനത്തിനൊടുവിൽ യുധിഷ്ഠിരൻ ദ്വാരകയിലേക്കാളയച്ചു. ശ്രീകൃഷ്ണ ബലരാമന്മാരുടെ സാന്നിധ്യം കൂടിയുണ്ടായാലേ യുധിഷ്ഠിരനു തൃപ്തിയാകൂ.

രാജസൂയത്തിനുവേണ്ട ധാരാളം സമ്മാനങ്ങളുമായി ദ്വാരകാപതികൾ യഥാസമയം വന്നെത്തി. ഇരുട്ടിൽ വെളിച്ചമായും വേനലിൽ മഴയായും എത്തിയ അവരെ വരവേറ്റുകൊണ്ട് അകം നിറഞ്ഞുതുളുമ്പിയ സ്നേഹത്തോടെ, യുധിഷ്ഠിരൻ പറഞ്ഞു: ഗോവിന്ദാ, അങ്ങേക്കുവേണ്ടി ഇതാ, ലോകം എന്റെ മുമ്പിൽ കീഴടങ്ങിയിരിക്കുന്നു. നിന്റെ സംപ്രീതികൊണ്ട് എനിക്കു ധനസമൃദ്ധിയും കൈവന്നു. ഇതെല്ലാം യജ്ഞാവശ്യത്തിനുവേണ്ടി വിനിയോഗിക്കാൻ ഞാനാഗ്രഹിക്കുന്നു. നീ തന്നെ മുന്നിട്ടു നിന്നു യാഗകർമങ്ങൾ നടത്തണം.ഞാൻ അനുജന്മാരോടൊപ്പം സഹകാർമികരായി നിന്നുകൊള്ളാം.

അപ്പോൾ സന്തുഷ്ടനായ കൃഷ്ണൻ ഇങ്ങനെ പറഞ്ഞു: യുധിഷ്ഠിര രാജാവേ, യജ്ഞം നടത്താൻ അങ്ങേക്കാണു യോഗ്യത. ചക്രവർത്തിപദം അങ്ങേക്കവകാശപ്പെട്ടതാണ്. മഹായാഗം അനുഷ്ഠിക്കുക. അതിന്റെ വിജയം ഞങ്ങളെയും കൃതാർത്ഥരാക്കും. എന്നോടു കൃത്യമായി പറയുക, എന്തൊക്കെ ചെയ്യണമെന്ന്. എല്ലാം നടപ്പിലാക്കിക്കൊള്ളാം.

ശ്രീകൃഷ്ണന്റെ അനുജ്ഞയുംകൂടി ലഭിച്ചതോടെ, രാജസൂയത്തിനുള്ള ഒരുക്കങ്ങൾ ആരംഭിക്കാൻ രാജകല്പനകൾ പുറപ്പെട്ടു. കുലഗുരുവായ ധൗമ്യന്റെ നിർദേശപ്രകാരം യജ്ഞവസ്തുക്കളും മംഗളദ്രവ്യങ്ങളും സംഭരിച്ചു. വൈദികരും താപസന്മാരും യജ്ഞത്തിൽ പങ്കാളികളാകാൻ എത്തിച്ചേർന്നു. അവർക്കെല്ലാം നേതാവായി വ്യാസഭഗവാനും സമാഗതനായി.

യുധിഷ്ഠിരൻ സഹദേവനെ വിളിച്ചു പറഞ്ഞു: ഉടൻ തന്നെ യജ്ഞകർമങ്ങൾക്കു സാക്ഷ്യം വഹിക്കാൻ രാജാക്കന്മാരെ ക്ഷണിക്കണം. നാനാഭാഗങ്ങളിലേക്കും സമർത്ഥരായ ദൂതന്മാരെ പറഞ്ഞയയ്ക്കുക.

നകുലനെ വിളിച്ച് ഹസ്തിനപുരത്തേക്കു പോകാൻ നിർദ്ദേശിച്ചു. ഭീഷ്മപിതാമഹനെയും ദ്രോണാചാര്യരെയും വിദുരരെയും ധൃതരാഷ്ട്ര രാജാവിനെയും ദുര്യോധനദുശ്ശാസനാദികളെയും കർണനെയും പ്രത്യേകം ക്ഷണിക്കുക.

ക്ഷണം സ്വീകരിച്ചു നിരവധി രാജാക്കന്മാർ സപരിവാരം ഇന്ദ്രപ്രസ്ഥത്തിലെത്തിച്ചേർന്നു. ഹസ്തിനപുരിയിൽ നിന്നു ഭീഷ്മദ്രോണാദികളും ദുര്യോധന ദുശ്ശാസനന്മാരും എത്തി. എല്ലാവരെയും എല്ലാവിധ സൗകര്യങ്ങളുമുള്ള മണിമന്ദിരങ്ങളിൽ പ്രത്യേകം താമസിപ്പിച്ചു.

യജ്ഞത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായപ്പോൾ യുധിഷ്ഠിരൻ ഭീഷ്മദ്രോണാദികളെ നമസ്ക്കരിച്ചുകൊണ്ടു പറഞ്ഞു: ഈ യജ്ഞം നന്നായി നടത്താനുള്ള അനുഗ്രഹം നല്കിയാലും. എനിക്കുള്ള ഈ വമ്പിച്ച സമ്പത്ത്രയും നിങ്ങളുടേതും കൂടിയാണ്. എന്തൊക്കെ എങ്ങനെയൊക്കെ ചെയ്യണം എന്നു നിങ്ങൾ തന്നെ എന്നെ വഴി നടത്തണം.

ഇത്രയും പറഞ്ഞശേഷം ഓരോരുത്തർക്കും ഓരോരോ ചുമതലകൾ യുധിഷ്ഠിരൻ പ്രത്യേകം പ്രത്യേകം വീതിച്ചു നല്കി.

(തുടരും)

CYAN MAGENTA YELLOW BLACK